# മുഴുവൻ ജ്ഞാനത്തിന്റെ സാരം- സ്മൃതി

ഇന്ന് സമർത്ഥനായ ബാബ തന്റെ നാല് ഭാഗത്തുമുള്ള സർവ്വ കുട്ടികളെയും കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ സമർത്ഥനായ കുട്ടി തന്റെ ശക്തിക്കനുസരിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഈ സമർത്ഥമായ ജീവിതം അർത്ഥം സുഖമയമായ ശ്രേഷ്ഠ സഫലതാ സമ്പന്നമായ അലൗകീക ജീവിതത്തിന്റെ ആധാരമെന്താണ്? ആധാരം അർത്ഥം - സ്മൃതി. മുഴുവൻ നാടകത്തിലെ കളിയെന്ന് പറയുന്നത് സ്മൃതി-വിസ്മൃതിയുടേതാണ്. ഈ സമയത്ത് വിസ്മൃതിയുടെ കളി നടന്നു കൊണ്ടിരിക്കുന്നു. ബാപ്ദാദ നിങ്ങൾ ബ്രാഹ്മണാത്മാക്കളെ ഏത് ആധാരത്തിൽ പരിവർത്തനപ്പെടുത്തി? കേവലം സ്മൃതി നല്കി- നിങ്ങൾ ആത്മാവാണ് ശരീരമല്ലയെന്ന്. ഈ സ്മൃതി എത്രയോ അലൗകീക പരിവർത്തനം കൊണ്ടു വന്നു. സർവ്വതും പരിവർത്തനപ്പെട്ടില്ലേ. മാനവ ജീവിതത്തിന്റെ വിശേഷതയാണ് സ്മൃതി. സ്മൃതിയാണ് ബീജം, ഈ ബീജത്തിലൂടെ മനോഭാവന, ദൃഷ്ടി, കർമ്മം, മുഴുവൻ സ്ഥിതിയും പരിവർത്തനപ്പെടുന്നു അതിനാലാണ് പറയുന്നത് എങ്ങനെയുള്ള സ്മൃതി അതേപോലെ സ്ഥിതിയെന്ന്. ബാബ അടിത്തറയായ സ്മൃതിയെയാണ് പരിവർത്തനപ്പെടുത്തിയത്. അടിത്തറ ശ്രേഷ്ഠമായപ്പോൾ സ്വതവേ മുഴുവൻ ജീവിതം ശ്രേഷ്ഠമായി. എത്രയോ ചെറിയ കാര്യത്തെ പരിവർത്തനപ്പെടുത്തി- നിങ്ങൾ ശരീരമല്ല ആത്മാവാണ്- ഈ പരിവർത്തനം ഉണ്ടായപ്പോൾ തന്നെ ആത്മാവ് മാസ്റ്റർ സർവ്വശക്തിവാനായത് കാരണം സ്മൃതി ഉണ്ടായപ്പോൾ തന്നെ സമർത്ഥമായി. ഇപ്പോൾ ഈ സമർത്ഥമായ ജീവിതം എത്രയോ പ്രിയപ്പെട്ടതായി അനുഭവപ്പെടുന്നു. സ്വയവും സ്മൃതി സ്വരൂപരായി, മറ്റുള്ളവർക്കും ഇതേ സ്മൃതി നല്കി എന്തിൽ നിന്നും എന്താക്കി മാറ്റുന്നു. ഈ സ്മൃതിയിലൂടെ ലോകം തന്നെ പരിവർത്തനപ്പെട്ടു. ഈ ഈശ്വരീയ ലോകം എത്ര പ്രിയപ്പെട്ടതാണ്. സേവനാർത്ഥം ലോകത്തിലെ ആത്മാക്കളുടെ കൂടെ വസിച്ചിട്ടും മനസ്സ് സദാ അലൗകീക ലോകത്തിലാണിരിക്കുന്നത്. ഇതിനെ തന്നെയാണ് സ്മൃതി സ്വരൂപം എന്ന് പറയുന്നത്. ഏതൊരു പരിതസ്ഥിതി വന്നാലും സ്മൃതി സ്വരൂപരായ ആത്മാവ് സമർത്ഥരായത് കാരണം പരിതസ്ഥിതിയെ എന്താണെന്ന് മനസ്സിലാക്കുന്നു? ഇതൊരു കളിയാണ്. ഒരിക്കലും ഭയക്കുന്നില്ല. എത്ര തന്നെ വലിയ പരിതസ്ഥിതിയാണെങ്കിലും സമർത്ഥമായ ആത്മാവിന് ലക്ഷ്യത്തിലെത്തുന്നതിന് ഇതെല്ലാം വഴിയോര ദൃശ്യങ്ങളാണ്. വഴിയോര ദൃശ്യങ്ങൾ കാണാൻ ഇഷ്ടമല്ലേ. ചിലവ് ചെയ്തും വഴിയോര ദൃശ്യങ്ങൾ കാണാൻ പോകുന്നുണ്ട്. ഇവിടെയും ഇന്നത്തെ കാലത്ത് ആബു ദർശനത്തിനായി പോകാറുണ്ടല്ലോ. മാർഗ്ഗ മദ്ധ്യേ വഴിയോര ദൃശ്യങ്ങളൊന്നുമില്ലെങ്കിൽ ആ മാർഗ്ഗം ഇഷ്ടപ്പെടുമോ? ബോറാകും. അതേപോലെ സ്മൃതി സ്വരൂപം- സമർത്ഥ സ്വരൂപരായ ആത്മാവിന് പരിതസ്ഥിതിയെന്ന് പറയാം, പേപ്പറെന്ന് പറയാം, പ്രശ്നങ്ങളെന്ന് പറയാം, സർവ്വതും വഴിയോര ദൃശ്യങ്ങളാണ്. സ്മൃതിയിലുണ്ട്- ലക്ഷ്യത്തിലേക്കുള്ള യാത്രയിലെ ഈ വഴിയോര ദൃശ്യങ്ങൾ അനേക പ്രാവശ്യം മറി കടന്നിട്ടുണ്ട്. ഒന്നും പുതിയതല്ല, ഇതിന്റെയും അടിത്തറയെന്താണ്? സ്മൃതി. ഈ സ്മൃതി മറന്നു പോകുന്നു അർത്ഥം അടിത്തറ കുലുങ്ങിയെങ്കിൽ ജീവിതത്തിന്റെ മുഴുവൻ കെട്ടിടം ഇളകാൻ തുടങ്ങുന്നു. നിങ്ങൾ അചഞ്ചലരല്ലേ.

മുഴുവൻ പഠിപ്പിന്റെ നാല് വിഷയങ്ങളുടെ ആധാരമാണ് സ്മൃതി. ഏറ്റവും മുഖ്യമായ വിഷയമാണ് ഓർമ്മ. ഓർമ്മ അർത്ഥം സ്മൃതി- ഞാൻ ആര്, ബാബ ആര്? രണ്ടാമത്തെ വിഷയമാണ് ജ്ഞാനം. രചയിതാവിന്റെയും രചനയുടെയും ജ്ഞാനം ലഭിച്ചു. അതിന്റെയും അടിത്തറ സ്മൃതി നല്കി- അനാദിയെന്താണ്, ആദിയെന്താണ്, വർത്തമാന സമയം എന്താണ്- ബ്രാഹ്മണൻ തന്നെ ഫരിസ്ഥ. ഫരിസ്ഥയിൽ നിന്നും ദേവത, വേറെ എത്രയോ സ്മൃതി നല്കി, അപ്പോൾ ജ്ഞാനത്തിന്റെ സ്മൃതിയയില്ലേ? മൂന്നാമത്തെ വിഷയമാണ് ദിവ്യ ഗുണം. ദിവ്യ ഗുണങ്ങളുടെയും സ്മൃതി നല്കി- നിങ്ങൾ ബ്രാഹ്മണർക്ക് ഈ ഗുണങ്ങളുണ്ട്. ഗുണങ്ങളുടെ ലിസ്റ്റും സ്മൃതിയിലുണ്ട്. അതിനാൽ സമയത്തിനനുസരിച്ച് ഈ ഗുണത്തെ കാര്യത്തിൽ, കർമ്മത്തിൽ കൊണ്ടു വരുന്നു. ചില സമയത്ത് സ്മൃതി കുറവായത് കാരണം ഫലമെന്താകുന്നു. സമയത്ത് ഗുണം ഉപയോഗിക്കാൻ സാധിക്കുന്നില്ല. സമയം കഴിഞ്ഞ് പോകുമ്പോൾ സ്മൃതിയിൽ വരുന്നു- ഇങ്ങനെ ചെയ്യാൻ ആഗ്രഹിച്ചില്ലായിരുന്നു എന്നാൽ സംഭവിച്ചു പോയി, ഇനി അങ്ങനെ ചെയ്യില്ല. അതിനാൽ ദിവ്യ ഗുണങ്ങളെയും കർമ്മത്തിൽ കൊണ്ടു വരുന്നതിനായി സമയത്ത് സ്മൃതിയുണ്ടാകണം. ഇപ്പോൾ അങ്ങനെയുള്ള സമയത്ത് സ്വയത്തോട് ചിരി വരാറില്ലേ. ഏതെങ്കിലും കാര്യം അഥവാ വസ്തു സമയത്ത് മറന്നുവെങ്കിൽ ആ സമയത്തെ സ്ഥിതിയെന്തായിരിക്കും? വസ്തുവുണ്ട് എന്നാൽ സമയത്ത് ഓർമ്മ വരുന്നില്ലായെങ്കിൽ ഭയം തോന്നാറില്ലേ. അതേപോലെ ഇതും സമയത്ത് സ്മൃതി വരാത്തത് കാരണം ഇടയ്ക്കിടയ്ക്ക് ഭയപ്പെടുന്നു. അതിനാൽ ദിവ്യഗുണങ്ങളുടെ ആധാരമെന്താണ്? സദാ സ്മൃതി സ്വരൂപം. നിരന്തരവും സ്വാഭാവികവുമായി ദിവ്യഗുണം സഹജമായി ഓരോ കർമ്മത്തിൽ, കാര്യത്തിൽ ഉപയോഗി

ക്കപ്പെട്ടു കൊണ്ടിരിക്കും. നാലാമത്തെ വിഷയമാണ് സേവനം. ഇതിലും ഞാൻ വിശ്വ മംഗളകാരി നിമിത്ത ആത്മാവാണ് എന്ന സ്മൃതിയുടെ സ്വരൂപരാകുന്നില്ലായെങ്കിൽ – സേവനത്തിൽ സഫലത പ്രാപ്തമാക്കാൻ സാധിക്കില്ല. സേവനത്തിലൂടെ ഏതൊരാത്മാവിനെയും സ്മൃതി സ്വരൂപരാക്കാൻ സാധിക്കില്ല. അതോടൊപ്പം സേവനം എന്നാൽ സ്വയത്തിന്റെയും ബാബയുടെയും സ്മൃതി നല്കുക.

അതിനാൽ നാല് വിഷയങ്ങളുടെ അടിത്തറ സ്മൃതിയിൽ വന്നില്ലേ. മുഴുവൻ ജ്ഞാനത്തിന്റെ സാരത്തിന്റെ ഒരു ശബ്ദമാണ്– സ്മൃതി, അതിനാൽ ബാപ്ദാദ ആദ്യമേ തന്നെ കേൾപ്പിച്ചു– അന്തിമ പരീക്ഷയുടെ ചോദ്യം എന്താണ് വരാൻ പോകുന്നതെന്ന്. വളരെ സമയത്തേക്കുള്ള പേപ്പറായിരിക്കില്ല. ഒരേയൊരു ചോദ്യത്തിന്റെ പേപ്പർ ആയിരിക്കും, അതും ഒരു നിമിഷത്തിന്റെ പേപ്പർ. ചോദ്യം എന്തായിരിക്കും? നഷ്ടോമോഹാ സ്മൃതി സ്വരൂപം. ചോദ്യവും നേരത്തെ തന്നെ കേൾപ്പിച്ചില്ലേ. അപ്പോൾ എല്ലാവരും പാസാകണം. സർവ്വരും നമ്പർവൺ ആയി പാസാകുമോ അതോ സംഖ്യാക്രമത്തിൽ പാസാകുമോ?

ഡബിൾ വിദേശികൾ ഏത് നമ്പറിൽ വരും? (നമ്പർവൺ) അപ്പോൾ മാലയെ സമാപ്തമാക്കട്ടെ? അതോ വേറെ മാലയുണ്ടാക്കണോ? വളരെ നല്ല ഉണർവ്വുണ്ട്. ഡബിൾ വിദേശികൾക്ക് വിശേഷ അവസരമുണ്ട്– ലാസ്റ്റ് വന്നാലും ഫാസ്റ്റായി പോകുന്നതിന്. ഇത് മാർജ്ജിനാണ്. വ്യത്യസ്ത മാലയുണ്ടാക്കിയാൽ പിക്ക്നിക്കിന്റെ സ്ഥലങ്ങളിൽ പോകേണ്ടി വരും. ഇത് ഇഷ്ടമാണെങ്കിൽ വ്യത്യസ്ത മാലയുണ്ടാക്കട്ടെ? നിങ്ങൾക്ക് മാലയിൽ വരാനുള്ള അവസരമുണ്ട്, വന്നോളും. ശരി.

സർവ്വ ടീച്ചേഴ്സും സ്മൃതി സ്വരൂപരല്ലേ. നാല് വിഷയങ്ങളിലും സ്മൃതി സ്വരൂപം. പരിശ്രമത്തിന്റെ കാര്യമല്ലല്ലോ. ടീച്ചേഴ്സിന്റെ അർത്ഥമാണ് തന്റെ സ്മൃതി സ്വരൂപത്തിന്റെ ഫീച്ചേഴ്സിലൂടെ മറ്റുള്ളവരെയും സ്മൃതി സ്വരൂപരാക്കുക. നിങ്ങളുടെ ഫീച്ചേഴ്സ് മറ്റുള്ളവർക്ക് സ്മൃതി നല്കണം– ഞാൻ ആത്മാവാണ്, മസ്തകത്തിൽ നോക്കുമ്പോൾ തന്നെ തിളങ്ങുന്ന ആത്മാവ് അല്ലെങ്കിൽ തിളങ്ങുന്ന മണി കാണപ്പെടണം. ഏതു പോലെ സർപ്പത്തിന്റെ മണി കാണുമ്പോൾ സർപ്പത്തിന്റെ നേർക്ക് ആരുടെയും ശ്രദ്ധ പോകുന്നില്ല, മണിയുടെ നേർക്കായിരിക്കും പോകുന്നത്. അതേപോലെ അവിനാശി തിളങ്ങുന്ന ആത്മാവിനെ കാണുമ്പോൾ ദേഹാഭിമാനത്തിന്റെ സ്മൃതി വരരുത്, ശ്രദ്ധ സ്വതവേ ആത്മാവിന്റെ നേർക്ക് പോകണം. ടീച്ചേഴ്സ് സദാ ഇതേ സേവനത്തിന് നിമിത്തമാണ്. വിസ്മൃതിയിലുള്ളവർക്ക് സ്മൃതി നല്കണം– ഇത് തന്നെയാണ് സേവനം. സമർത്ഥരല്ലേ അതോ ഇടയ്ക്കിടയ്ക്ക് ഭയപ്പെടുന്നുണ്ടോ? ടീച്ചേഴ്സ് ഭയപ്പെട്ടാൽ വിദ്യാർത്ഥികൾ എന്ത് ചെയ്യും? ടീച്ചർ അർത്ഥം സദാ സ്വാഭാവികമായും, നിരന്തരം സ്മൃതി സ്വരൂപം തന്നെ സമർത്ഥ സ്വരൂപം. ബ്രഹ്മാ ബാബ മുന്നിലായിരുന്നു അപ്പോൾ ടീച്ചേഴ്സും മുന്നിലല്ലേ? നിമിത്തം അർത്ഥം മുന്നിൽ. സേവനത്തിനായി സമർപ്പണമാകുന്നതിന് ധൈര്യം വച്ചു, സമർത്ഥരായി. അപ്പോൾ ആ സ്മൃതിയെന്താണ്. ഇത് ത്യാഗത്തിന്റെ ഭാഗ്യമാണ്. ത്യാഗം ചെയ്തു, ഇപ്പോൾ ഭാഗ്യം എത്രയോ വലുതാണ്. ത്യാഗം ചെയ്തു എന്നാൽ ത്യാഗം ത്യാഗമല്ല, കാരണം പ്രാപ്തി വളരെ വലുതാണ്. എന്ത് ത്യാഗം ചെയ്തു? കേവലം വെള്ള സാരി ധരിച്ചു, അത് കൂടുതൽ സൗന്ദര്യമായില്ലേ, ഫരിസ്ഥ, മാലാഖമാരായി, പിന്നെന്ത് വേണം. ബാക്കി കഴിക്കുന്നതും, കുടിക്കുന്നതും ഉപേക്ഷിച്ചു... അത് ഇന്നത്തെ കാലത്ത് ഡോക്ടേഴ്സും പറയാറുണ്ട്– കൂടുതൽ കഴിക്കരുത്, കുറച്ച് കഴിക്കൂ, സാധാരണ ഭക്ഷണം കഴിക്കൂ എന്ന്. ഇന്നത്തെ കാലത്ത് ഡോക്ടേഴ്സും കഴിക്കാൻ അനുവദിക്കുന്നില്ല. ബാക്കിയെന്താണ് ഉപേക്ഷിച്ചത്? ആഭരണം അണിയുന്നത് ഉപേക്ഷിച്ചു....ഇന്നത്തെ കാലത്ത് ആഭരണത്തിന് പിന്നാലെ കള്ളൻമാർ വരുന്നു. ഉപേക്ഷിച്ചത് നന്നായി, വിവേകമുള്ള കാര്യമാണ് ചെയ്തത് അതിനാൽ ത്യാഗത്തിന്റെ കോടിമടങ്ങ് ഭാഗ്യം ലഭിച്ചു. ശരി.

ഇപ്പോളിപ്പോൾ ബാപ്ദാദായ്ക്ക് ഏതൻസിലുള്ളവരെ ഓർമ്മ വരുന്നു, ഏതൻസിൽ സേവനത്തിന്റെ വലിയ കാര്യം നടന്നു കൊണ്ടിരിക്കുന്നു. അവിടെയുള്ളവരും വളരെയധികം ഓർമ്മിച്ചു കൊണ്ടിരിക്കുന്നു. ഏതെങ്കിലും വിശാല കാര്യം നടക്കുമ്പോൾ പരിധിയില്ലാത്ത കാര്യത്തിൽ പരിധിയില്ലാത്ത ബാബയുടെയും പരിധിയില്ലാത്ത പരിവാരത്തിന്റെയും ഓർമ്മ തീർച്ചയായും ഉണ്ടാകുന്നു. ഏതെല്ലാം കുട്ടികൾ പോയിട്ടുണ്ടോ ധൈര്യമുള്ള കുട്ടികളാണ്. നിമിത്തമായവരുടെ ധൈര്യം കാര്യത്തെ ശ്രേഷ്ഠവും അചഞ്ചലവുമാക്കുന്നു. ബാബയുടെ സ്നേഹവും, വിശേഷ ആത്മാക്കളുടെ ശുഭ ഭാവനയും, ശുഭ കാമനയും കുട്ടികളുടെ കൂടെയുണ്ട്. ബുദ്ധിവാൻമാരുടെയും ബുദ്ധിവാൻ ആരിലൂടെയെങ്കിലും നിമിത്തമാക്കി തന്റെ കാര്യം ചെയ്യുന്നു. അതിനാൽ നിശ്ചിന്ത ചക്രവർത്തിയായി ലൈറ്റ് ഹൗസ്, മൈറ്റ് ഹൗസ് ആയി ശുഭ ഭാവന ശുഭ കാമനയുടെ വൈബ്രേഷൻ വ്യാപിപ്പിച്ചു കൊണ്ടിരിക്കൂ. ഓരോ സർവ്വീസിബിൾ കുട്ടിക്കും ബാപ്ദാദ പേരും വിശേഷതയും സഹിതം സ്നേഹ സ്മരണ നല്കി കൊണ്ടിരിക്കുന്നു. ശരി.

സദാ നിരന്തരം സ്മൃതി സ്വരൂപരായ സമർത്ഥ ആത്മാക്കൾക്ക്, സദാ സ്മൃതി സ്വരൂപരായി ഓരോ പരിതസ്ഥിതിയെ വഴിയോര ദൃശ്യമായി അനുഭവം ചെയ്യുന്ന വിശേഷ ആത്മാക്കൾക്ക്, സദാ ബാബയ്ക്ക് സമാനം നാല് ഭാഗത്തും സ്മൃതിയുടെ അലകൾ വ്യാപിപ്പിക്കുന്ന മഹാവീരരായ കുട്ടികൾക്ക്, സദാ തീവ്ര ഗതിയിലൂടെ ബഹുമതിയോടെ പാസാകുന്ന മഹാരഥി കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**ദില്ലി സോണിനോടുള്ള അവ്യക്ത ബാപ്ദാദായുടെ സംഭാഷണം.–** സദാ തന്റെ ഭാഗ്യത്തെ കണ്ട് ഹർഷിതമാകുന്നു. സദാ ആഹാ...ആഹാ... എന്ന ഗീതം പാടുന്നുണ്ടോ? അയ്യോ അയ്യോ എന്ന ഗീതം സമാപ്തമായില്ലേ അതോ ഇടയ്ക്ക് ദുഖത്തിന്റെ അലകൾ വരുന്നോ? ദുഃഖത്തിന്റെ ലോകത്തിൽ നിന്നും വേറിട്ടു, ബാബയ്ക്ക് പ്രിയപ്പെട്ടവരായി മാറി, അതിനാൽ ദുഃഖത്തിന്റെ അലകൾക്ക് സ്പർശിക്കാൻ സാധിക്കില്ല. സേവനാർത്ഥമാണ് വസിക്കുന്നതെങ്കിലും കമല പുഷ്പ സമാനം വസിക്കുന്നു. കമല പുഷ്പം അഴുക്കിൽ നിന്നും മാറി നിൽക്കുന്നില്ല, അഴുക്കിൽ തന്നെയാണ് വസിക്കുന്നത്, ജലത്തിൽ തന്നെയാണ് ഉള്ളത് എന്നാൽ വേറിട്ടിരിക്കും. അതിനാൽ അങ്ങനെ വേറിട്ടിരിക്കുന്നവരായോ? വേറിട്ടിരിക്കുന്നതിന്റെ ലക്ഷണമാണ്– എത്രത്തോളം നിർമ്മോഹി അത്രത്തോളം ബാബയ്ക്ക് പ്രിയപ്പെട്ടരായി മാറും, സ്വതവേ തന്നെ ബാബയുടെ സ്നേഹം അനുഭവപ്പെടും, ആ പരമാത്മ സ്നേഹം ഛത്രച്ഛായയായി മാറും. ആരുടെ മേലാണൊ ഛത്രച്ഛായയുള്ളത് അവർ എത്ര സുരക്ഷിതരായിരിക്കും. പരമാത്മ ഛത്രച്ഛായയിലുള്ളവരെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. അതിനാൽ ലഹരിയിലിരിക്കൂ– ഞാൻ പരമാത്മ ഛത്രച്ഛായയിലാണിരിക്കുന്നത്. അഭിമാനമല്ല എന്നാൽ ആത്മീയ ലഹരിയാണ്. ശരീരബോധത്തിൽ വന്നാൽ അഭിമാനം ഉണ്ടാകുന്നു എന്നാൽ ആത്മീയ ലഹരിയുണ്ടായാൽ, ലഹരിയുള്ളയിടത്ത് വിഘ്നത്തിന് വരാനാകില്ല. ഒന്നെങ്കിൽ വിഘ്നം അല്ലെങ്കിൽ ലഹരി. രണ്ടും ഒപ്പം ഉണ്ടായിരിക്കില്ല. റോട്ടിയും പരിപ്പും നന്നായിട്ട് നല്കുന്നതിന് ബാപ്ദാദ കടപ്പെട്ടിരക്കുന്നു. ദിവസവും 36 പ്രകാരത്തിലുള്ള ഭോജനം നല്കില്ല എന്നാൽ സ്നേഹത്തോടെയുള്ള റോട്ടിയും പരിപ്പും തീർച്ചയായും ലഭിക്കും. നിശ്ചിതമാണ്, ഇത് ആർക്കും മാറ്റാൻ സാധിക്കില്ല. അപ്പോൾ എന്തിനെ കുറിച്ചാണ് ചിന്തയുള്ളത്. ലോകത്തിൽ ചിന്തയുണ്ടാകുന്നു– എനിക്കും കഴിക്കണം, എന്റെ കൂടെയുള്ളവരും കഴിക്കണം എന്ന്. ബാക്കിയെന്താണ് വേണ്ടത്? ഡൻലപ്പിന്റെ തലയിണ വേണോ? ഡൻലപ്പിന്റെ തലയിണയിലോ കിടക്കയിലോ ചിന്തയുടെ നിദ്രയാണ് എങ്കിൽ ഉറക്കം വരുമോ? നിശ്ചിന്തരാണെങ്കിൽ നിലത്ത് കിടന്നാലും ഉറക്കം വരും. കൈകളെ തന്റെ തലയിണയാക്കൂ എങ്കിൽ ഉറക്കം വരും. സ്നേഹമുള്ളയിടത്ത് ഉണക്ക റൊട്ടി പോലും 36 പ്രകാരത്തിലുള്ള ഭോജനത്തിന് സമാനമായി അനുഭവപ്പെടും അതിനാൽ നിശ്ചിന്ത ചക്രവർത്തിയാണ്. ഈ നിശ്ചിന്തരായിരിക്കുന്നതിന്റെ പദവി സർവ്വ പദവിയേക്കാൾ ശ്രേഷ്ഠമാണ്. ഇന്ന് കിരീടം ധരിച്ച് സിംഹാസനത്തിലിരുന്നു എന്നിട്ട് ചിന്തയിലിരുന്നാൽ സിംഹാസനമായോ അതോ ചിന്തയാണോ? അതിനാൽ ഭാഗ്യ വിദാതാവായ ഭഗവാൻ നിങ്ങളുടെ മസ്തകത്തിൽ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ രേഖ വരച്ചിരിക്കുന്നു. നിശ്ചിന്ത ചക്രവർത്തിയായി മാറി. ആ തൊപ്പി അഥവാ കസേരയുള്ള ചക്രവർത്തിയല്ല. നിശ്ചിന്ത ചക്രവർത്തി. എന്തെങ്കിലും ചിന്തയുണ്ടോ? പേരക്കുട്ടികളുടെയും കുട്ടികളുടെയും ചിന്തയുണ്ടോ? നിങ്ങളുടെ മംഗളമുണ്ടായി അതിനാൽ തീർച്ചയായും അവരുടെയും മംഗളമുണ്ടാകും. അതിനാൽ സദാ തന്റെ മസ്തകത്തിൽ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ രേഖ കണ്ടു കൊണ്ടിരിക്കൂ– ആഹാ എന്റെ ശ്രേഷ്ഠമായ ഈശ്വരീയ ഭാഗ്യം. ധനം,സമ്പത്തിന്റെ ഭാഗ്യമല്ല, ഈശ്വരീയ ഭാഗ്യമാണ്. ഈ ഭാഗ്യത്തിന് മുന്നിൽ ധനം ഒന്നുമല്ല, അത് പിന്നാലെ വന്നോളും. ഏതുപോലെ നിഴൽ പിന്നാലെ വരുന്നു അതോ നിങ്ങൾ പിന്നാലെ വരൂ എന്ന് പറയുന്നോ. അതിനാൽ ഇതെല്ലാം നിഴലുകളാണ് എന്നാൽ ഭാഗ്യമാണ്, ഈശ്വരീയ ഭാഗ്യമാണ്. സദാ ഇതേ ലഹരിയിലിരിക്കൂ– നേടണമെങ്കിൽ സദാ കാലത്തേക്ക് നേടണം. ബാബയും ആത്മാവും അവിനാശിയാണ് അപ്പോൾ പ്രാപ്തിയെങ്ങനെ വിനാശിയാകും? പ്രാപ്തിയും അവിനാശിയായത് തന്നെ വേണം.

ബ്രാഹ്മണ ജീവിതം സന്തോഷത്തിന്റെ ജീവിതമാണ്. സന്തോഷത്തോടെ കഴിക്കണം, സന്തോഷത്തോടെ സംസാരിക്കണം, സന്തോഷത്തോടെ ജീവിക്കണം, സന്തോഷത്തോടെ കാര്യം ചെയ്യണം. എഴുന്നേൽക്കുമ്പോൾ തന്നെ കണ്ണ് തുറന്നു, സന്തോഷത്തിന്റെ അനുഭവം ഉണ്ടായി. രാത്രി കണ്ണടച്ചു, സന്തോഷത്തോടെ വിശ്രമിച്ചു– ഇത് തന്നെയാണ് ബ്രാഹ്മണ ജീവിതം. ശരി.

ബാപ്ദാദായുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ച്ച– ആജ്ഞാക്കാരിയാകുന്നതിലൂടെ പരിവാരത്തിന്റെ ആശീർവാദം

( ബാപ്ദാദായുടെ മുന്നിൽ ഗായത്രി മോദിയുടെ പരിവാരം ഇരിക്കുന്നു) ബാപ്ദാദ ഈ പരിവാരത്തിലെ ഒരു കാര്യം കണ്ട് വളരെ സന്തോഷിക്കുന്നു. ഏതൊരു കാര്യം? ആജ്ഞാക്കാരി പരിവാരം. ഇത്രയും

ദൂരത്ത് നിന്ന് എത്തി ചേർന്നില്ലേ. ഈ ആശീർവാദവും ലഭിക്കുന്നു. ആജ്ഞ പാലിക്കുന്നുണ്ടല്ലോ. ആരുടെയെങ്കിലുമാകട്ടെ, ഒരാൾ പറഞ്ഞു മറ്റൊരാൾ അനുസരിച്ചു, അപ്പോൾ സന്തോഷമുണ്ടാകുന്നു. ഹൃദയത്തിൽ നിന്നും മറ്റൊരാളെ പ്രതി ആശീർവാദം ഉണ്ടാകുന്നു. ഏതെങ്കിലും സുഹൃത്തായിക്കോട്ടെ, സഹോദരനായിക്കോട്ടെ, ഇവർ വളരെ നല്ലവരാണെന്ന് പറയുമ്പോൾ അത് ആശീർവാദമല്ലേ. മറ്റുള്ളവരോട് ഹാം ജീ പറയുക അഥവാ ആജ്ഞ അനുസരിക്കുക , ഇതിലൂടെ അവരുടെ ഗുപ്തമായ ആശീർവാദം ലഭിക്കുന്നു. അതിനാൽ ആശീർവാദം സമയത്ത് വളരെയധികം സഹായം ചെയ്യുന്നു. ആ സമയത്ത് അറിയാൻ സാധിക്കുന്നില്ല. ആ സമയത്ത് സാധാരണ കാര്യമായി തോന്നുന്നു. എന്നാൽ ഈ ഗുപ്തമായ ആശീർവാദം ആത്മാവിന് സമയത്ത് സഹയോഗം നല്കുന്നു. ഇത് ശേഖരിക്കപ്പെടുന്നു അതിനാൽ ബാപ്ദാദ കണ്ട് സന്തോഷിക്കുന്നു. ഏതൊരു കാര്യത്തിന് വേണ്ടി വന്നവരാണെങ്കിലും, വന്നില്ലേ, ഇതും ഓർമ്മിക്കണം– പരമാത്മാവിന്റെ സ്ഥലത്ത് ഏതെങ്കിലും കാരണവശാൽ കാണാൻ വേണ്ടി വന്നവരാണെങ്കിലും, അറിയുവാൻ വേണ്ടിയും വന്നെത്തി. എന്നാലും കാല് വച്ചു. അതിലൂടെയും ഫലം ശേഖരിക്കപ്പെട്ടു. ഇതും ചെറിയ ഭാഗ്യമല്ല. ഈ ഭാഗ്യവും പോകുന്തോറും അനുഭവിക്കും. ആ സമയത്ത് സ്വയത്തെ വളരെ ഭാഗ്യവാനാണെന്ന് മനസ്സിലാക്കും– ഏതെങ്കിലും കാരണവശാൽ നമ്മൾ കാൽ വച്ചു, ഇപ്പോൾ അറിയാൻ സാധിക്കില്ല. സമയത്ത് നിങ്ങൾക്ക് അറിയാൻ സാധിക്കും, കാര്യത്തിൽ ഉപയോഗിക്കപ്പെടും. ശരി.

(റഷ്യയിലെ സഹോദരി സഹോദരൻമാരുടെ ഓർമ്മ ചക്രധാരി ബഹൻ നല്കി)
നല്ലത്, കുറച്ച് സമയത്തിൽ കൂടുതൽ സഫലത, നല്ല നല്ല ദാഹിച്ചിരിക്കുന്ന ആത്മാക്കൾ വന്നെത്തി. അവരുടെ സ്നേഹം ബാബയുടെയടുത്തെത്തി. സർവ്വർക്കും സ്നേഹ സ്മരണ എഴുതണം, പറയണം– ബാപ്ദാദയുടെ സ്നേഹം സർവ്വ കുട്ടികൾക്കും സഹയോഗം നല്കി മുന്നോട്ടുയർത്തി കൊണ്ടിരിക്കുന്നു. നല്ല സേവനമാണ്, വർദ്ധിപ്പിച്ചു കൊണ്ടിരിക്കൂ.

## വരദാനം– പുരുഷാർത്ഥത്തിന്റെ യഥാർത്ഥമായ വിധിയിലൂടെ സദാ മുന്നോട്ടുയരുന്ന സർവ്വ സിദ്ധി സ്വരൂപരായി ഭവിക്കട്ടെ.

പുരുഷാർത്ഥത്തിന്റെ യഥാർത്ഥമായ വിധിയാണ്– അനേക എന്റെ എന്നതിനെ പരിവർത്തനം ചെയ്ത് ഒരേയൊരു എന്റെ ബാബ– എന്ന സ്മൃതിയിലിരിക്കുക, മറ്റെല്ലാം മറക്കുക എന്നാൽ എന്റെ ബാബ എന്ന കാര്യം ഒരിക്കലും മറക്കരുത്– എന്റെ എന്നതിനെ ഓർമ്മിക്കേണ്ടി വരുന്നില്ല. അതിന്റെ ഓർമ്മ സ്വതവേ സ്വതവേയുണ്ടാകുന്നു. എന്റെ ബാബ എന്ന് ഹൃദയം കൊണ്ട് പറയുമ്പോൾ യോഗം ശക്തിശാലിയാകുന്നു. അതിനാൽ ഈ സഹജമായ വിധിയിലൂടെ സദാ മുന്നോട്ടുയർന്ന് സിദ്ധി സ്വരൂപരാകൂ.

## സ്ലോഗൻ– മായാജീത്താകണമെങ്കിൽ സ്നേഹത്തിനോടൊപ്പം ജ്ഞാനത്തിന്റെയും അടിത്തറ ശക്തിശാലിയാക്കൂ.

**ലവ്‌ലീൻ സ്ഥിതിയുടെ അനുഭവം ചെയ്യൂ –** കർമ്മത്തിൽ, വാണിയിൽ, സമ്പർക്കം അഥവാ സംബന്ധത്തിൽ സ്നേഹവും സ്മൃതി അഥവാ സ്ഥിതിയിൽ ലവ്‌ലീനായിട്ടിരിക്കുക, ആര് എത്രത്തോളം ലവ്‌ലിയാകുന്നുവൊ അത്രയും ലവ്‌ലീനായിട്ടിരിക്കാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ സ്നേഹത്തിൽ ലവ്‌ലീനായിട്ടിരുന്ന് മറ്റുള്ളവരെയും തനിക്ക് സമാനം അഥവാ ബാബയ്ക്ക് സമാനം ആക്കുന്നു.